"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തരവകുപ്പ് - ജയിലുകൾ - ശ്രീ.അഖിൽ മണിയപ്പൻ, അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, സെൻട്രൽ പ്രിസൺ വിയ്യൂർ - പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1207/2025/HOME തീയതി,തിരുവനന്തപുരം, 06-04-2025

---

പരാമർശം:-

1. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 04/10/2024, 20/02/2025 തീയതികളിലെ ഇ5-27457/2024/പി.ആർ.എച്ച്.ക്യൂ നമ്പർ നടപടിക്രമങ്ങൾ.
2. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 04/10/2024, 20/02/2025 തീയതികളിലെ ഇ5-27457/2024/പി.ആർ.എച്ച്.ക്യൂ നമ്പർ കത്തുകൾ.

**ഉത്തരവ്**

ശ്രീ.അഖിൽ മണിയപ്പൻ, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 16/10/2020 - ലെ നിയമന ശിപാർശയുടെയും ജയിലാസ്ഥാനകാര്യാലയത്തിലെ 12/11/2020 -ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 17/11/2020 തീയതിയിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ ജയിൽവകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. സർവ്വീസിൽ പ്രവേശിച്ച് തുടർച്ചയായ 3 വർഷത്തിനുള്ളിൽ രണ്ടു വർഷമാണ് അസിസ്റ്റൻറ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ കാലയളവ്. ഈ കാലയളവിൽ ശ്രീ.അഖിൽ മണിയപ്പൻ, 18/08/2022 തീയതി മുൻചേർപ്പും 07/09/2022, 08/09/2022 എന്നീ അവധി ദിവസങ്ങൾ പിൻചേർപ്പും ഉൾപ്പെടെ 19/08/2022 മുതൽ 06/09/2022 വരെ 22 ദിവസത്തെ ശൂന്യവേതനാവധി എടുത്തിട്ടുള്ളതിനാൽ 08/12/2022-ലാണ് പ്രൊബേഷനാവശ്യമായ 2 വർഷ സർവ്വീസ് പൂർത്തിയാക്കിയിട്ടുള്ളത്. ശ്രീ.അഖിൽ മണിയപ്പൻ, പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനാവശ്യമായ വകുപ്പ് തല പരീക്ഷകൾ 2024 ജനുവരി മാസത്തിൽ നടത്തിയ പരീക്ഷയിലൂടെ പാസായിട്ടുണ്ടെന്നും അവസാനമായി പരീക്ഷയിൽ പങ്കെടുത്ത തീയതി 14/05/2024 ആണെന്നും പ്രസ്തുത നോട്ടിഫിക്കേഷനിൽ നടന്ന അവസാന പരീക്ഷയുടെ തീയതി 24/05/2024 ആണെന്നും പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.അഖിൽ മണിയപ്പൻ- ന്റെ പ്രൊബേഷൻ കാലയളവ് 09/12/2022 മുതൽ 08/12/2023 വരെ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. വകുപ്പുതലപരീക്ഷ പാസായിട്ടുള്ള സാഹചര്യത്തിൽ ഇദ്ദേഹത്തിന്റെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ 25/05/2024 പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനു വേണ്ടി പ്രൊബേഷൻ കാലയളവ് 09/12/2023 മുതൽ 26/05/2024 വരെ ദീർഘിപ്പിച്ച് നൽകുന്നതിന് പരാമർശം (2)

പ്രകാരം പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ശ്രീ.അഖിൽ മണിയപ്പന്റെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ 25/05/2024 പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുവാൻ നിയമനാധികാരിക്ക് സാധിക്കുമാറ്, പ്രൊബേഷൻ കാലയളവ് , കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം, 09/12/2023 മുതൽ 26/05/2024 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജീഷ് ബി ഗോപൻ
അണ്ടർ സെക്രട്ടറി

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം.(സർവ്വീസ് ബുക്ക് സഹിതം).
ശ്രീ.അഖിൽ മണിയപ്പൻ (പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയാ വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Jijimon R
Date: 07-04-2025 09:31:35

സെക്ഷൻ ഓഫീസർ